ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ദേശസാൽക്കരിക്കേണ്ട റൂട്ടുകളെ സംബന്ധിച്ച പഠിച്ചുകൊണ്ടിരിക്കുകയാണു്. ആ കൗൺസിലിൽവച്ചു് അങ്ങനെ തീരുമാനിച്ചിരിക്കാം. അതെല്ലാം പഠിച്ചുകൊണ്ടിരിക്കുകയാണു്. സൗകര്യം അനുസരിച്ചു ഓരോന്നായി നടപ്പിൽ വരും.

ശ്രീ. കെ. പുരുഷോത്തമൻ പിള്ള : കൂടുതൽ ബസ്സുകളും ഓടിക്കൊണ്ടിരിക്കുന്നിടത്തു അവ നിറുത്തലാക്കിയിട്ടു ഗവണ്മെന്റു ഏറ്റെടുക്കുമ്പോൾ അവിടെ ഓടിക്കുന്നതിനു യോഗ്യതയുള്ളവർക്കു നിയമനം നൽകുവാൻ പരിഗണന നൽകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ദേശസാൽക്കരിച്ച റൂട്ടുകളിൽ ജോലിക്കാർക്കു ആവശ്യമായിട്ടുള്ള ആളുകൾക്കുവേണ്ടി അപേക്ഷകൾ ക്ഷണിക്കുമ്പോൾ അവർക്കും അപേക്ഷിക്കാവുന്നതാണു്. അവർക്കു വേണ്ട യോഗ്യതയുള്ളപക്ഷം അവർക്കു ലഭിക്കുന്നതാണു്.

ശ്രീ. ഈ. പി. കൃഷ്ണൻനമ്പ്യാർ : കേരള നിയമസഭയുടെ ചരിത്രത്തിൽ ഇതുയും സമയം അനുവദിച്ചിട്ടുള്ള ചോദ്യം വേറെയേതെങ്കിലും ഉണ്ടായിട്ടുണ്ടോ ?

മി. സ്പീക്കർ : അവസാനംവരെ ഈ ചോദ്യം ചോദിച്ചാൽ മതിയെന്നു മെമ്പറന്മാർ വിചാരിക്കുകയും അതിനെല്ലാം ബഹുമാനപ്പെട്ട മന്ത്രി സൗമ്യനായി മറുപടി പറയുകയും ചെയ്താൽ ഇതുപോലെ സംഭവിക്കും. അതിനു എന്നോടു ചോദിച്ചാൽ പറയുകയില്ല. ഇതിനുമുമ്പു ഇതിനെക്കാളും കൂടുതൽ സമയം എടുത്തിട്ടുള്ള ഏതെങ്കിലും ചോദ്യം ചോദിച്ചിട്ടുണ്ടോ എന്നുള്ളതു അന്വേഷിച്ചു പറയാം.

ശ്രീ. ടി. എം. മീതിയൻ : യോഗ്യതയുള്ളവർക്കു കൊടുക്കുമെന്നു പറഞ്ഞതോടൊപ്പം മൂവാറ്റുപുഴയിൽ ഒരു സബ്സ്റ്റേഷനും വർക്ഷോപ്പും അനുവദിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നിവേദക സംഘത്തിനു മന്ത്രി എന്തെങ്കിലും ഉറപ്പു നൽകിയിട്ടുണ്ടോ ? ഇതുവരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇതെല്ലാം ആലോചിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണു്. അതു കഴിഞ്ഞശേഷം വിവരം പറയാം.

(b) Written Answers

ടി. സി. സി.യെപ്പറ്റിയുള്ള റിപ്പോർട്ടു്

* 88. [262] ശ്രീ. എ. എസ്. എൻ. നമ്പീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി. സി. സി.യെക്കുറിച്ചു് കഴിഞ്ഞ നിയമസഭയിൽ ഉത്തരവാദിത്വപ്പെട്ടുത്തിയ റിപ്പോർട്ടിന്റെ വിവരമെന്തു് ;

(ബി) അന്വേഷണകമ്മീഷനെക്കുറിച്ചു് ആക്ഷേപം പൊന്തിവന്നിട്ടുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) റിപ്പോർട്ടിന്റെ കോപ്പി അംഗങ്ങൾക്കു വിതരണം ചെയ്തിട്ടുണ്ടു്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly